**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 735** **24-02-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുകാൽ പഞ്ചായത്ത് -ഭൂരഹിത ഭവനരഹിത പട്ടികജാതിക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒൻപത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ പട്ടയം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ മണ്ണംകോട് എന്ന പ്രദേശത്ത് 1989-90 കാലഘട്ടത്തിൽ നെയ്യാറ്റിൻകര താലൂക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 4 സെന്റ് വസ്തു വീതം പത്ത് പേർക്ക് നൽകുകയുണ്ടായി. ടി കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിലേക്ക് ആവശ്യമായ രേഖകൾ സഹിതം വില്ലേജ് ഓഫീസിൽ ഹാജരാക്കുന്നതിന് കുടുംബങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി ക്രമങ്ങൾ പാലിച്ച് പട്ടയം അനുവദിക്കുമെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | ടി പദ്ധതി പ്രകാരം ഭൂമി ലഭിച്ചവരിൽ ആരൊക്കെ നിലവിൽ ഇവിടെ താമസിക്കുന്നുണ്ടെന്നും അല്ലാത്തവർ എത്രപേരുണ്ടെന്നുമുള്ള വിവരം നൽകാമോ; | (ബി) | ആകെ 10 പേർക്ക് പ്രസ്തുത വസ്തു നൽകിയിരുന്നു. വിവരം ചുവടെ ചേർക്കുന്നു. പ്ലോട്ട് നം. 1 സുകുമാരൻ (Late) പ്ലോട്ട് നം. 2 ശ്യാമള, പ്ലോട്ട് നം. 3 നിർമ്മല (Late) പ്ലോട്ട് നം. 4 പ്രസന്നകുമാരി പ്ലോട്ട് നം. 5 .അനിത പ്ലോട്ട് നം. 6 .ശശി പ്ലോട്ട് നം. 7 .ഓമന പ്ലോട്ട് നം. 8. തങ്കമ്മ (Late) പ്ലോട്ട് നം. 9. മണിയൻ പ്ലോട്ട് നം. 10. അംബിക (Late) നിലവിൽ താമസിച്ചുവരുന്നവർ :- 1) പ്രസന്നകുമാരി, മൂവേരിക്കര വാർഡ് 2) ശ്യാമള, മൂവേരിക്കര വാർഡ് 3) മണിയൻ, മൂവേരിക്കര വാർഡ് 15 വർഷമായി അനധികൃതമായി താമസിക്കുന്നവർ:- 1) ശാരദ (പ്ലോട്ട നം. 3) 2) ലീല (പ്ലോട്ട് നം. 6) |
| (സി) | ഇവരിൽ എത്രപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിച്ച ഇവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികളും പട്ടയം എപ്പോൾ നൽകാനാകുമെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (സി) | ഇവരിൽ മൂന്നുപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവകാശ രേഖകൾ ഹാജരാക്കുന്നതിന് ടി കക്ഷികൾക്ക് അറിയിപ്പ് നൽകുന്നതിനായി കുന്നത്തുകാൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണെന്നും റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അവിടുത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് യഥാർത്ഥ ഉടമകൾക്ക് പട്ടയം നൽകാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ടി പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകി ലൈഫ് പദ്ധതി മുഖേനയോ മണ്ണും വീടും പദ്ധതി മുഖേനയോ വീട് നിർമ്മിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | യഥാർത്ഥ ഉടമകളെ കണ്ടെത്തി അവർ നിലവിൽ ഭൂരഹിതരാണോയെന്ന് പരിശോധിച്ച് അർഹത ഉറപ്പുവരുത്തി മാത്രമേ പട്ടയം നൽകുന്നതിനും അവശേഷിക്കുന്ന ഭൂമി അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് നൽകുന്നതിനും സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ